# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – പൊതുസ്ഥലം മാററം മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ. (ആർ.ററി) നമ്പർ 504/2005/ആ.കു.വ തിരുവനന്തപുരം, തീയതി 21.02.2005

---

പരാമർശം:- 1. 28.05.1987 ലെ (ജി.ഒ) (എം.എസ്) നം. 109/87/ആകുവ

2. 08.12.1994 ലെ ജി.ഒ (ആർ.ററി) നം. 4543/94/ആകുവ
3. 04.05.1995 ലെ ജി.ഒ (എം.എസ്) നം. 149/95/ആകുവ
4. 12.05.1995 ലെ സ.ഉ (എം.എസ്) നം. 208/95/ആകുവ
5. 12.05.1995 ലെ സ.ഉ (എം.എസ്) നം. 209/95/ആകുവ
6. 22.05.1995 ലെ സ.ഉ (എം.എസ്) നം. 253/95/ആകുവ
7. 27.03.2002 ലെ സ.ഉ (പി) നം. 13/202/ഉഭപവ
8. 10.09.2004 ലെ സ.ഉ (പി) നം. 12/2004/ഉഭപവ
9. 05.02.2005 ലെ സ.ഉ ജി.ഒ (പി) നം. 28/2005/ആകുവ

## ഉത്തരവ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻെറ കീഴിൽ വരുന്ന എല്ലാ വകുപ്പുകളിലേയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്ഥലം മാററം സംബന്ധിച്ച മാനദണ്ഡങ്ങൾ വിവിധ സംഘടനാ പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

വകുപ്പ് അദ്ധ്യക്ഷന്മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഈ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.പി. ഗോപി**

അഡീഷണൽ സെക്രട്ടറി

1. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം.
4. ഹോമിയോ ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
6. പ്രിൻസിപ്പൽ, ഹോമിയോ മെഡിക്കൽ കോളെജ്, തിരുവനന്തപുരം.
7. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
8. ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്.
9. മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറി.
10. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറി.
11. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
12. ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
13. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

## ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാററമാനദണ്ഡം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന ആരോഗ്യ വകുപ്പിൽ സ്ഥലമാററത്തിന് പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നതിനും സുതാര്യമായ രീതിയിൽ അവ നടപ്പാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് വേണ്ടി അഭിപ്രായം ആരായുന്നതിനായി ബഹു. ആരോഗ്യ വകുപ്പു മന്ത്രി ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ വിവിധ സർവ്വീസ് സംഘടനാഭാരവാഹികളുമായി 18.01.2005 ൽ വിശദമായ ചർച്ചകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയുമുണ്ടായി. പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിച്ചും പൊതുമാനദണ്ഡ വ്യവസ്ഥകൾ കണക്കിലെടുത്തും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നു:-

1. ജീവനക്കാരുടെ സ്ഥലം മാററം സംബന്ധിച്ച് പ്രാബല്യത്തിലുള്ള 10.09.2004 ലെ ജി.ഒ.(പി) നമ്പർ: 12/04/ഭ.പ.വ നിലനിൽക്കുന്നതാണ്. ആരോഗ്യവകുപ്പിൻെറ 04.05.1995 ലെ ജി.ഒ.(എം.എസ്.)109/87/ആ.കു.വ, 04.05.1995 ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ: 149/95/ആ.കു.വ. എന്നീ ഉത്തരവുകൾ താഴെപ്പറയുന്ന ഭേദഗതികളോടെ നിലനിർത്തുന്നതാണ്.

2. ഈ മാനദണ്ഡങ്ങൾ 05.02.2005 ലെ ജി.ഒ.(പി) 28/2005/ആ.കു.വ എന്ന ഉത്തരവ് പ്രകാരം പുതുതായി രൂപീകരിച്ച സ്പെഷ്യാലിററി കേഡറിൽപ്പെട്ട തസ്തികകൾ നികത്തുന്ന കാര്യത്തിൽ ആവശ്യമെന്നുകണ്ടാൽ ഇളവു വരുത്തുന്നതാണ്. അത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിർദ്ദേശിക്കപ്പെട്ട സ്പെഷ്യാലിററിയിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടറെ നിയമിക്കുന്നതിനായിരിക്കും മുൻഗണന നൽകുക.

3. പൊതുസ്ഥലം മാററ ഉത്തരവുകൾ അതാതുവർഷം ഏപ്രിൽ 15 നകം തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

4. പ്രത്യേക ആനുകൂല്യത്തിന് അർഹരായവർക്ക് സ്ഥലം മാററം നൽകുമ്പോൾ ഏതു കാരണം കൊണ്ടാണ് സ്ഥലം മാററം നൽകുന്നതെന്ന് രേഖപ്പെടുത്തിയിരിക്കണം.

5. ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള സ്ഥലം മാററങ്ങൾ വകുപ്പ് അദ്ധ്യക്ഷൻ നടത്തിയതിനു ശേഷം മാത്രമേ ജില്ലയ്ക്കകത്തുള്ള സ്ഥലം മാററങ്ങൾ നടത്താൻ പാടുള്ളൂ.

6. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള തസ്തികകൾ പൊതുവായ സ്ഥലമാററത്തിനുള്ള ഒഴിവുകൾ ആയി പരിഗണിക്കുന്നതാണ്.

7. ററി.ബി. സാനിറേറാറിയം, മാനസികാരോഗ്യ കേന്ദ്രം, ലെപ്രസി സാനിറേറാറിയം എന്നിവിടങ്ങളിൽ കുറഞ്ഞത് 2 വർഷം ജോലി ചെയ്തിട്ടുള്ള ജീവനക്കാർക്ക് പൊതുസ്ഥലം മാററത്തിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

8. ഓരോ വകുപ്പിലും ബുദ്ധിമുട്ടേറിയതായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ, മലംപ്രദേശങ്ങൾ, ഗ്രാമപ്രദേശങ്ങൾ, ഉൾനാടുകൾ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആളുകളുടെ സംസ്ഥാനതല തസ്തികകൾ പരമാവധി നേരിട്ട് നിയമനം ലഭിക്കുന്നവരെക്കൊണ്ട് നികത്തേണ്ടതാണ്. (ഉദാഹരണത്തിന് പി.എസ്.സി വഴി നേരിട്ട് നിയമനം നൽകുന്ന സന്ദർശങ്ങളിൽ) ജില്ലാ റിക്രൂട്ട്മെൻറ് ബോർഡ് മുഖേന നിയമനം ലഭിക്കുന്നവർക്കും ഇത് ബാധകമായിരിക്കും. എന്നാൽ ഇത് സർവ്വീസിലുള്ള ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലോ അവരുടെ ന്യായമായ അവകാശങ്ങൾ ധ്വംസിക്കുന്ന തരത്തിലോ ആകാൻ പാടില്ല.

9. ഒരു സീററിലോ ഒരേ സെക്ഷനിലോ തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ ഒരാളെ തുടരാൻ അനുവദിക്കുകയില്ല. പൊതുസ്ഥലമാററ മാനദണ്ഡത്തിൽ പറഞ്ഞിരിക്കുന്ന സ്റ്റേഷൻെറ നിർവ്വചനം ഹെൽത്ത് സർവ്വീസിനും ബാധകമായിരിക്കും.

10. പൊതുസ്ഥലം മാററത്തെ സംബന്ധിച്ചുള്ള പരാതികൾ ജില്ലാതല ഉദ്യോഗസ്ഥർ, വകുപ്പ് തലവൻ എന്നിവർക്ക് നേരിട്ട് നൽകാവുന്നതാണ്. ജില്ലാതല സ്ഥലംമാററം സംബന്ധിച്ച പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ, അഡ്മിനിസ്ട്രേററീവ് അസിസ്റ്റൻറ് എന്നിവർ അടങ്ങുന്ന ഒരു കമ്മിററി പരിശോധിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ്.

11. ആരോഗ്യ വകുപ്പിൽ (D.H.S) സംസ്ഥാനതല സ്ഥലമാററങ്ങളിലുള്ള പരാതികൾ, ജില്ലാ തലത്തിൽ പരിഹാരം കാണാത്ത പരാതികൾ എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) സീനിയർ അഡ്മിനിസ്ട്രേററീവ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു കമ്മിററി പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതാണ്. പരാതി പരിഗണിക്കുമ്പോൾ പരാതിക്കാരനേയും നേരിൽ കേൾക്കാൻ ശ്രമിക്കേണ്ടതാണ്. കൂടാതെ പരാതി പരിഗണിക്കുമ്പോൾ/പരിശോധിക്കുമ്പോൾ സ്ഥലം മാററം നടത്തിയ ഉദ്യോഗസ്ഥനോ, പ്രതിനിധിയോ ഹാജരാകേണ്ടതാണ്. ജില്ലാതലത്തിലുള്ള പരിശോധനാ തീരുമാനം 10 പ്രവൃത്തി ദിവസത്തിനകം രേഖാമൂലം പരാതിക്കാരനെ അറിയിച്ചിരിക്കേണ്ടതാണ്. 10 പ്രവൃത്തി ദിവസത്തിനകം പുനഃപരിശോധനാ തീരുമാനം ലഭിച്ചില്ലെങ്കിൽ പരാതിക്കാരന് വകുപ്പ് അദ്ധ്യക്ഷൻ തലത്തിലുള്ള പുനഃ പരിശോധനാ കമ്മിററി മുമ്പാകെ നേരിട്ട് പരാതി നൽകാവുന്നതും ആയത് 10 പ്രവൃത്തി ദിവസത്തിനകം തീർപ്പാക്കേണ്ടതും പരാതിക്കാരന് രേഖാമൂല് മറുപടി നൽകേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പ് മേധാവിയിൽ നിന്ന് മറുപടി ലഭിക്കാത്തപക്ഷം പരാതിക്കാരന് നേരിട്ട് ആരോഗ്യവകുപ്പ് സെക്രട്ടറിയ്ക്ക് പരാതി നൽകാവുന്നതാണ്.

12. വകുപ്പ് അദ്ധ്യക്ഷൻ അടങ്ങുന്ന പുനഃപരിശോധന കമ്മിററിയുടെ തീരുമാനങ്ങളിൽ പരാതിയുള്ള പക്ഷം അവയിൻമേൽ ആരോഗ്യവകുപ്പ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ബന്ധപ്പെട്ട ജോയിൻറ് സെക്രട്ടറി എന്നിവരടങ്ങുന്ന പുനഃപരിശോധനാ

കമ്മിററി പരിശോധിക്കുന്നതും 15 ദിവസത്തിനുള്ളിൽ തീരുമാനമെടുത്ത് അറിയിക്കേണ്ടതുമാണ്.

13. സ്ഥലം മാററം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും ലംഘിക്കുന്നത് ഗൗരവമായി കാണുന്നതാണ്.

14. സർവീസിൽ പ്രവേശിക്കുമ്പോൾ ഓരോ ജീവനക്കാരനും പ്രവർത്തിയെടുക്കാൻ താൽപര്യമുള്ള സ്ഥാപനം (ഹോം സ്റ്റേഷൻ) ഏതാണെന്നത് സംബന്ധിച്ച ഡിക്ലറേഷൻ നൽകേണ്ടതാണ്. ഈ ഡിക്ലറേഷനിൽ മാററം വരുത്താൻ സർവ്വീസ് കാലയളവിനുള്ളിൽ ഒരിക്കൽ മാത്രമേ അവസരം നൽകൂ.

15. ജീവനക്കാർ താൽപര്യപ്പെടുന്ന സ്ഥാപനത്തിൽ (ഹോം സ്റ്റേഷൻ) നിന്നും പുറം സ്ഥാപനത്തിലേക്ക് അവസാനം സ്ഥലം മാററപ്പെട്ടതിന് ശേഷമുള്ള പുറം സ്ഥാപനത്തിലെ സേവനകാലം മാത്രമേ സ്ഥലംമാററത്തിന് അർഹതയുള്ള സർവീസായി പരിഗണിക്കൂ.

16. റിട്ടയർമെൻറ്, ദീർഘകാലാവധി, പ്രൊമോഷൻ എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകൾ, പുതുതായി അനുവദിക്കുന്ന തസ്തികകൾ എന്നിവയിലേക്ക് പുറം സ്ഥാപനത്തിൽ നിന്നും സ്ഥലം മാററത്തിന് അപേക്ഷകരുണ്ടെങ്കിൽ പുറം സ്ഥാപനത്തിലെ സേവന ദൈർഘ്യത്തിൻെറ അടിസ്ഥാനത്തിൽ സ്ഥലം മാററി ആദ്യം നിയമനം നൽകുന്നതാണ്. ഒഴിവുണ്ടായ സ്ഥാപനത്തിലേക്ക് പുറം സ്ഥാപനത്തിൽ നിന്നും സ്ഥലംമാററത്തിന് അപേക്ഷകർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ പ്രമോഷൻ ലഭിക്കുന്നവർക്ക് അവർ പ്രവർത്തിയെടുക്കുന്ന സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളാൽ നിയമനം നൽകൂ.

17. സ്ഥലംമാററ അപേക്ഷകൾ നിശ്ചിത ഫാറത്തിൽ നൽകേണ്ടതാണ്.

18. സ്ഥലം മാററത്തിനുവേണ്ടിയുള്ള അപേക്ഷകൾ ഫെബ്രുവരി 15–ാം തീയതിയ്ക്ക് മുൻപ് സമർപ്പിക്കേണ്ടതും കരടു നിർദ്ദേശം മാർച്ച് 15 നു മുൻപ് എല്ലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കേണ്ടതുമാണ്. പ്രസ്തുത കരട് നിർദ്ദേശത്തിൻമേലുള്ള ആക്ഷേപങ്ങൾ മാർച്ച് 31 നു മുൻപ് സമർപ്പിക്കേണ്ടതാണ്. കരടിൻമേൽ ലഭിക്കുന്ന ആക്ഷേപങ്ങൾകൂടി പരിശോധിച്ചശേഷം സ്ഥലംമാററ ഉത്തരവ് അതാത് വർഷം ഏപ്രിൽ 15 നു മുൻപ് പുറപ്പെടുവിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൻമേലുള്ള പരാതികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലുള്ള റിവ്യു കമ്മിററിക്ക് നൽകേണ്ടതും മേയ് 5 നു മുൻപ് റിവ്യു കമ്മിററി പരാതികളിൻമേൽ തീരുമാനമെടുത്ത് രേഖാമൂലമുള്ള മറുപടി പരാതിക്കാരനു നൽകേണ്ടതുമാണ്. ഈ സമയപരിധി പാലിക്കത്തക്കവിധം 2006 മുതൽ പൊതുസ്ഥലം മാററം സംബന്ധിച്ച, വിജ്ഞാപനം വകുപ്പ് തലവന്മാർ പുറപ്പെടുവിക്കേണ്ടതാണ്.

19. എന്നാൽ 2005 ൽ മേൽപ്പറഞ്ഞ തീയതികളിൽ 15 ദിവസത്തെ ഇളവു ഉണ്ടായിരിക്കുന്ന താണ്.

20. 01.05.1995 മുതൽ ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളെജുകളിലെ ഒരു വർഷത്തെ സർവീസ് സ്ഥലംമാററത്തിന് ഒന്നരവർഷമായി കണക്കാക്കുന്നതാണ്.

21. കേവലം വ്യക്തികളുടെ സൗകര്യത്തെ മുൻനിർത്തി മാത്രമുള്ള വർക്കിംഗ് അറേഞ്ച് മെൻറ്, അക്കോമഡേഷൻ, തസ്തികമാററം എന്നിവ അനുവദിക്കുന്നതല്ല.

22. സ്ഥലംമാററത്തിനുള്ള മററു വ്യവസ്ഥകൾ തുല്യമായി വരികയാണെങ്കിൽ ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളെജുകളിൽ നിന്നുള്ള അപേക്ഷകർക്ക് മുൻഗണ നൽകുന്ന താണ്.

23. ഒഴിവില്ലാതെ വരുമ്പോൾ തരംതാഴ്ത്തലിന് (റിവർഷൻ) വിധേയരാകുന്നവർക്ക് കഴി യുന്നതും അവരുടെ ഹോം സ്ഥാപനത്തിൽ നിയമനം നൽകേണ്ടതാണ്.

24. പ്രൊമോഷൻ സ്വമേധയാ വേണ്ടെന്നു വെയ്ക്കുന്നവരെ (റിലിംക്വിഷ്മെൻറ്) സ്ഥല മാററ മാനദണ്ഡത്തിൽ നിന്നും ഒഴിവാക്കുന്നതല്ല.

25. പൊതു താൽപ്പര്യ പ്രകാരമോ, സഹതാപാർഹമായ സാഹചര്യത്തിലോ (കംപാഷ ണേററ് ഗ്രൗണ്ട്) സ്ഥലംമാററങ്ങൾ നടത്തുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമായിരിക്കും.

26. വിദേശത്തോ സ്വദേശത്തോ ജോലി നേടുന്നതിനുവേണ്ടി ദീർഘകാലാവധിയിൽ കഴി യുന്നവരും, വ്യക്തിപരമായ ആവശ്യത്തിന് 4 മാസത്തിൽ കൂടുതൽ ശമ്പളമില്ലാത്ത അവധിയിൽ കഴിയുന്നവരും അവധി കഴിഞ്ഞോ, റദ്ദാക്കിയോ ജോലിയിൽ തിരികെ പ്രവേശിക്കുമ്പോൾ നിലവിൽ ഒഴിവുകൾ ഉണ്ടെങ്കിൽ അവയിലേക്കും അവധി കഴിഞ്ഞുവരുന്നവർക്കു നിയമനം നൽകുന്നതിനുവേണ്ടി റിവേർഷൻ നടത്തുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്കും മററു അപേക്ഷകർ ഉണ്ടെങ്കിൽ അവ പരിശോധിച്ച ശേഷം മാത്രമേ അവധി കഴിഞ്ഞു വരുന്നവർക്ക് നിയമനം നൽകാവൂ.

27. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൻെറ കീഴിലുള്ള അദ്ധ്യാപകരൊഴികെയുള്ളവരുടെ കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്ഥലം മാററ അധികാരിയായിട്ടുള്ള തുമായ ജീവനക്കാരുടെ സ്ഥലംമാററം 04.05.1995 ലെ ജി.ഒ.(എം.എസ്.) 149/95/ ആകുവ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തേണ്ടതാണ്.

28. ഒരു സ്ഥാപനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ ടി സ്ഥാപനത്തിൽ 3 വർഷം സർവീസ് പൂർത്തിയാക്കിയാൽ മാത്രമേ സ്ഥലംമാററത്തിന് അപേക്ഷിക്കുവാൻ പാടുള്ളൂ.

29. ഓപ്പൺവേക്കൻസി ഉണ്ടെങ്കിൽ 3 വർഷത്തെ സേവനം ഉണ്ടെങ്കിൽ മാത്രമേ സ്ഥലം മാററം നൽകുകയുള്ളൂ എന്ന് ശഠിക്കേണ്ടതില്ല.

30. പൊതുസ്ഥലം മാററത്തിന് മുൻഗണന നൽകിയിരിക്കുന്ന വിഭാഗങ്ങൾക്ക് ആ മുൻ ഗണന തുടർന്നും നൽകുന്നതാണ്.

31. പൊതുസ്ഥലം മാററത്തിന് കരട് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ച് തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്.

32. മലയോര മേഖലകളിലും ദുർഘട സ്ഥലങ്ങളിലും ഗ്രാമീണ മേഖലകളിലും കുറഞ്ഞത് 3 കൊല്ലമെങ്കിലും ജോലി ചെയ്ത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥല ങ്ങളിലേയ്ക്ക് സ്ഥലം മാററം നൽകാൻ ശ്രമിക്കേണ്ടതാണ്. (ഈ 3 കൊല്ലത്തി നുള്ളിൽ അവധിയോ, മററു കാരണങ്ങളാലോ ജോലിയിൽ നിന്ന് മാറി നിൽക്കേണ്ടി വന്നാൽ ആ കാലയളവ് സ്ഥലം മാററത്തിന് പരിഗണിക്കുന്നതല്ല.)

33. മൊത്തം ഔട്ട് സ്റ്റേഷൻ സർവ്വീസ് ട്രാൻസ്ഫർ സമയത്ത് പരിഗണിക്കേണ്ടതാണ്.

34. സ്ഥലംമാററത്തിനുള്ള കരട് ലിസ്റ്റിൽ പേര് ചേർക്കാത്ത ആരേയും ഫൈനൽ ലിസ്റ്റിൽ ചേർത്ത് സ്ഥലംമാററം നൽകരുത് (എന്നാൽ പൊതുസ്ഥലംമാററത്തിന് നിശ്ചിത മാതൃകയിലും നിശ്ചിത സമയത്തും അപേക്ഷ ആരുടെയെങ്കിലും പേര് യാദൃശ്ചിക മായി വിട്ടുപോകാൻ ഇടയായാൽ അവർക്ക് നിയമപരമായി കിട്ടേണ്ട സ്ഥലം മാററം നിഷേധിക്കരുത്.)

35. നിലവിൽ സ്ഥലംമാററത്തിന് 3 ഓപ്ഷനുകൾ ഉള്ളത് 5 ആയി വർദ്ധിപ്പിക്കുന്നതാണ്.

36. ഒരു ജില്ലയിലെ ഏതു സ്റ്റേഷനിലുള്ള സർവ്വീസും ഒന്നിച്ചു പരിഗണിക്കുന്നതാണ്. അതായത് ഒരു ജില്ലയിൽ 3 വർഷം പൂർത്തിയാക്കുന്ന ഉദ്യോഗസ്ഥൻെറ സ്റ്റേഷനി ലേയ്ക്ക് 3 വർഷം മറെറാരു ജില്ലയിൽ സേവനം പൂർത്തിയാക്കിയ ആളിൻെറ അപേക്ഷ പരിഗണിക്കുന്നതാണ്. ഈ മൂന്നു വർഷം കണക്കാക്കുന്നത് മുൻ ട്രാൻസ്ഫർ/പ്രമോഷൻ ഓർഡർ പുറപ്പെടുവിച്ച തീയതി മുതൽ ആയിരിക്കും. അല്ലാതെ സ്ഥലംമാററപ്പെട്ട ജീവനക്കാരൻ പുതിയ സ്ഥലത്ത് ചാർജ്ജെടുത്ത തീയതി ആയിരിക്കുകയില്ല.

37. 3 കൊല്ലത്തെ സർവ്വീസ് കണക്കാക്കുമ്പോൾ ജീവനക്കാരൻ എടുത്തിട്ടുള്ള അവധി, ജോലിയിൽ നിന്ന് വിട്ടുനിന്ന ഇതര കാലയളവ് എന്നിവ പരിഗണിക്കുന്നതല്ല.

38. സ്ഥലംമാററം ചെയ്യപ്പെടുന്നയാൾ നിർബന്ധമായും അനുവദനീയമായ സമയപരിധി ക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ഇത് ലംഘി ക്കുന്നവർക്കെതിരെ ഉടനടി നിയമാധികാരി അച്ചടക്ക നടപടി സ്വീകരിച്ച് തൊട്ടടുത്ത മേലധികാരിയെ അറിയിക്കേണ്ടതാണ്.

39. ഡോക്ടർ ദമ്പതികൾക്ക് പരമാവധി ഒരേ സ്റ്റേഷനിലോ, സമീപ സ്റ്റേഷനുകളിലോ നിയമനം നൽകേണ്ടതാണ്.

40. ഒരു സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ സ്ഥലമാററത്തിനുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ ഏററവും കൂടുതൽ പുറം സർവ്വീസ് ഉള്ളതും പ്രസ്തുത സ്റ്റേഷനിൽ ജോലി ചെയ്തിട്ടില്ലാത്തതുമായ അപേക്ഷകന് മുൻഗണന നൽകുന്നതാണ്.

41. ഡോക്ടർമാർക്ക് നിയമനം നൽകുമ്പോൾ പരമാവധി അവർ ആവശ്യപ്പെടുന്ന സ്ഥലം പരിഗണിക്കുന്നതാണ്.

42. 28.05.1987 ലെ ജി.ഒ. (എം.എസ്) ആ.കു.വ എന്ന ഉത്തരവിൽ 11–ാം ഖണ്ഡികയിലെ സ്ഥലങ്ങൾ താഴെപ്പറയുന്ന രീതിയിൽ മാററം വരുത്തിയിരിക്കുന്നു.

ബുദ്ധിമുട്ടുള്ള പ്രദേശം

| | | | | |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 1. | പി.എച്ച്.സി. | അമ്പൂരി |
| 2. | കൊല്ലം | 1. | പി.എച്ച്.സി. | അച്ചൻകോവിൽ |
| | | 2. | പി.എച്ച്.സി. | തെന്മല |
| 3. | പത്തനംതിട്ട | 1. | പി.എച്ച്.സി. | കാക്കത്തോട് |
| | | 2. | പി.എച്ച്.സി. | താന്നിത്തോട് |
| | | 3. | പി.എച്ച്.സി. | സീതത്തോട് |
| 4. | ആലപ്പുഴ | 1. | പി.എച്ച്.സി. | പെരുംമ്പളം |
| 5. | കോട്ടയം | ഇല്ല | | |
| 6. | എറണാകുളം | 1. | പി.എച്ച്.സി. | വലന്തകാട് |
| | | 2. | പി.എച്ച്.സി. | കുട്ടമ്പപുഴ |
| | | 3. | പി.എച്ച്.സി. | അയ്യംമ്പുഴ |
| 7. | തൃശൂർ | 1. | പി.എച്ച്.സി. | വെററിലപ്പാറ |
| | | 2. | പി.എച്ച്.സി. | വരവൂർ |
| | | 3. | പി.എച്ച്.സി. | ചിമ്മിനി ഡാം |
| 8. | പാലക്കാട് | 1. | പി.എച്ച്.സി. | ഷോളയാർ |
| | | 2. | പി.എച്ച്.സി. | പറമ്പിക്കുളം |
| | | 3. | പി.എച്ച്.സി. | അഗളി |
| 9. | കോഴിക്കോട് | 1. | പി.എച്ച്.സി. | വാണിമേൽ |
| | | 2. | പി.എച്ച്.സി. | കുണ്ടുതോട് |
| | | 3. | പി.എച്ച്.സി. | നരിപ്പററ |
| 10. | കണ്ണൂർ | 1. | പി.എച്ച്.സി. | കേളകം |
| | | 2. | പി.എച്ച്.സി. | പെരുവ |
| | | 3. | പി.എച്ച്.സി. | കരിക്കോട്ടക്കരി |
| | | 4. | പി.എച്ച്.സി. | ചന്ദനക്കംപാറ |
| | | 5. | പി.എച്ച്.സി. | അങ്ങാടിക്കടവ് |
| | | 6. | പി.എച്ച്.സി. | എരുവാശ്ശരി |
| 11. | മലപ്പുറം | 1. | പി.എച്ച്.സി. | കരമ്പ്ളാൻകോട് |
| | | 2. | പി.എച്ച്.സി. | ചെക്കാട് |

3. പി.എച്ച്.സി. വെട്ടത്തൂർ
4. പി.എച്ച്.സി. പൊൻമല
5. പി.എച്ച്.സി. മുത്തേടം
6. പി.എച്ച്.സി. ചാത്തല്ലൂർ

| | | |
|---|---|---|
| 12. | വയനാട് | എല്ലാ പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളും (ജില്ലാ താലൂക്ക് ആസ്ഥാനങ്ങൾ ഒഴികെ |
| 13. | ഇടുക്കി | |
| 14. | കാസർകോട് | |

43. 25.08.1987 ലെ ഉത്തരവിലെ 10-ാം ഖണ്ഡികയിലെ ആശുപത്രികൾ താഴെപ്പറയുന്ന രീതിയിൽ തിരുത്തി വായിക്കേണ്ടതാണ്.

1. സി.എച്ച്.സി. മുട്ടം.
2. സി.എച്ച്.സി. കൽപ്പററ.
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിററൽ, സുൽത്താൻ ബത്തേരി.
4. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിററൽ, വൈത്തരി.